**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3889** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഫാക്ടറി പരിസരത്തുമാത്രം ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് വാഹന നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഉപയോഗിക്കാത്തതും അല്ലെങ്കിൽ ഫാക്ടറിയിൽ മാത്രം ഉപയോഗിക്കുന്നതുമായ വാഹനങ്ങൾക്ക് വാഹന നികുതി അടക്കേണ്ടതില്ല എന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ചുള്ള സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1976 ലെ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം പൊതുസ്ഥലങ്ങളിൽ ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ സജ്ജമാക്കിയിട്ടുള്ളതോ ആയ വാഹനങ്ങൾക്ക് മുൻകൂറായി നികുതി ഒടുക്കേണ്ടതുണ്ട്. ഒരു വാഹനം ഓടാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ സെക്ഷൻ 5 പ്രകാരം വാഹനഉടമയ്ക്ക് നോൺ യൂസ് ഇന്റിമേഷൻ ഫയൽ ചെയ്യാവുന്നതും പരിശോധനയിൽ വാഹനം ഓടിയിട്ടില്ല എന്ന് തെളിഞ്ഞാൽ നികുതി ഇളവ് അനുവദിച്ച് നൽകുന്നതുമാണ്. ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം പൊതുജനങ്ങൾക്ക് പ്രവേശനം ഇല്ലാത്ത കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്കാണ് നികുതി ഒടുക്കേണ്ടതില്ല എന്ന് പ്രസ്താവിച്ചിട്ടുള്ളത്. |
| (ബി) | ഈ വിധി നടപ്പാക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ഇത്തരത്തിൽ പൊതുസ്ഥലത്തു ഓടാത്തതോ പൊതുജനങ്ങൾക്ക് പ്രവേശനം ഇല്ലാത്ത സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതോ ആയ വാഹനങ്ങൾക്ക് നികുതി ഇളവ് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിക്കുന്നപക്ഷം ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ